j

# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ
# തിരുവനന്തപുരം.

## ഹാജർ : ജസ്റ്റിസ് അലക്സാണ്ടർ തോമസ്
## ബഹു ചെയർപേഴ്സൺ.

**എച്ച് ആർ എം പി നമ്പർ : 5058/11/12/2023/റ്റി വി എം.**

പരാതിക്കാരി : ജോസഫി മകൾ മറിയം, മറിയം ഹൗസ്, ജൂബിലി നഗർ, അമ്പലത്തിൻമൂല, കോട്ടുകാൽ, തിരുവനന്തപുരം.

എതിർ കക്ഷികൾ : പൊന്നയനും ഭാര്യ റോസ്മേരിയും, റോസ് വില്ല അമ്പലത്തിന്മൂല, കോട്ടുകാൽ.

**ഉത്തരവ് തീയതി : 06-12-2024.**

1. പരാതിക്കാരി വില കൊടുത്തു വാങ്ങിയ പട്ടയ വസ്തുവിൽ വീട് വെക്കുന്നതിനെതിരെ വ്യാജ പരാതികൾ കൊടുത്ത് എതിർകക്ഷികൾ തടസ്സപ്പെടുത്തുന്നെന്നും പലതരത്തിൽ നിരന്തരം ബുദ്ധിമുട്ടിക്കുന്നെന്നും മറ്റുമാണ് പരാതി.

2. പരാതി സംഗതിയിൽ കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി 25..11..2023 തീയതിയിലെ റിപ്പോർട്ട് സമർപ്പിച്ചു. പരാതിക്കാരിയുടെ വസ്തുവിൽ പാർപിട ആവശ്യത്തിനുള്ള കെട്ടിടം പണിയുന്നതിന് അനുമതിക്കായി 23..6.. 2023 ൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും സ്ഥല പരിശോധന സമയത്ത് ഈ ഭൂമി റിസീവർ ഭരണത്തിലുള്ള ഭൂമിയിൽ ഉൾപ്പെട്ടതാണെന്ന് ഒന്നാം എതിർകക്ഷി പൊന്നയ്യൻ തർക്കം ഉന്നയിച്ചതിനാൽ അപേക്ഷയിൽ തുടർനടപടി സ്വീകരിക്കുവാൻ പുരയിടത്തിന്റെ എഫ്.എം.ബി സ്കെച്ച്, ലൊക്കേഷൻ സ്കെച്ച് എന്നിവ ഹാജരാക്കുവാൻ എൻജിനീയർ വിഭാഗം പരാതിക്കാരിക്ക് 1-7-2023 ന് കത്തയച്ചെന്നും എന്നാൽ നാളിതുവരെ ടി കത്തിന് മറുപടി ലഭിച്ചിട്ടില്ലെന്നുമാണ് റിപ്പോർട്ടിൽ പറയുന്നത്.

3. 29-4-2024 തീയതിയിൽ കമ്മീഷൻ മുമ്പാകെ നേരിട്ട് ഹാജരാകാൻ ആവശ്യപ്പെട്ട് റിപ്പോർട്ടിന്റെ പകർപ്പ് സഹിതം നോട്ടീസ് അയച്ചെങ്കിലും പരാതിക്കാരി ഹാജരായില്ല. റിപ്പോർട്ടിന്മേൽ ആക്ഷേപവും സമർപ്പിച്ചിട്ടില്ല. നോട്ടീസ് അയച്ചെങ്കിലും ഇന്നും പരാതിക്കാരി ഹാജരാകുകയോ ആക്ഷേപം സമർപ്പിക്കുകയോ ചെയ്തിട്ടില്ല.

4. രേഖകൾ ആവശ്യപ്പെട്ട് പഞ്ചായത്ത് എൻജിനീയറിങ് വിഭാഗം അയച്ച കത്തിന് നാളിതുവരെ മറുപടി കൊടുത്തിട്ടില്ല എന്ന് പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത രേഖകൾ പരാതിക്കാരി എത്രയും വേഗം പഞ്ചായത്തിൽ സമർപ്പിക്കുക. അപ്രകാരം രേഖകൾ പരാതിക്കാരി സമർപ്പിച്ചാൽ 3 ആഴ്യ്ക്കുള്ളിൽ തീരുമാനമെടുത്ത് പരാതി പരിഹാര നടപടികൾ സ്വീകരിക്കണമെന്ന് കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു കൊണ്ട് ഈ പരാതി കമ്മീഷൻ തീർപ്പാക്കുന്നു. പരാതിക്കാരിക്കും കോട്ടുകാൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും ഈ ഉത്തരവിന്റെ പകർപ്പയക്കുക.

(ഒപ്പ്)
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

(ശരിപ്പകർപ്പ്)

രജിസ്ട്രാർ.

J